ഉത്തരം

(എ) 25.4.1990-ൽ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ചില സ്വകാര്യ ആശുപത്രി ഉടമകൾ സമർപ്പിച്ചിരുന്ന ഹർജികളിൻമേൽ തീർപ്പ് കല്പിച്ചുകൊണ്ട് പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി 18-6-96-ൽ റദ്ദുചെയ്യുകയുണ്ടായി.

(ഡി&ഇ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 10-5-99-ൽ 19664/ഇ1/96/തൊ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശക സമിതിക്ക് അയച്ചു കൊടുത്ത് അവരുടെ അഭിപ്രായം ആരായുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനത്തിന്റെ കരട് ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. എന്നാൽ ഈ പ്രാഥമിക വിജ്ഞാപനത്തെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് ഒ.പി.നമ്പർ 30835/99നു ഫയൽ ചെയ്യുകയും പ്രസ്തുത ഒ.പി.യിലെ വിധിക്കു വിധേയമായി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനാവൂ എന്ന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

65 (2643) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ സർക്കാർ വിലയിരുത്താറുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാരുമായും ചെയർമാൻമാരുമായും വിവിധ തലങ്ങളിൽ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ക്ഷേമനിധി ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും അവർക്കു നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും സർക്കാർ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ, ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിയമ/പദ്ധതി ഭേദഗതികളും സർക്കാർ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly